**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 28** **12-01-2021 - ൽ മറുപടിയ്ക്ക്**

**എൻ. റ്റി.പി.സി. കേന്ദ്രീയ വിദ്യാലയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു. പ്രതിഭ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിലെ ഏക കേന്ദ്രീയ വിദ്യാലയമായ പ്രോജക്ട് സെക്ടറിൽ പ്രവർത്തിച്ചു വരുന്ന കെ.വി. എൻ.റ്റി.പി.സി. 2023-ഓടെ നിർത്തലാക്കാൻ പോകുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2021-22 അദ്ധ്യയന വർഷം മുതൽ ഒന്നാം ക്ലാസ്സിലേക്കുള്ള പ്രവേശനം നിർത്തുവാനും 2021-23 മുതൽ മറ്റു കുട്ടികളെ മാറ്റുന്നതു സംബന്ധിച്ചും തീരുമാനിച്ചിട്ടുള്ളതായി കേന്ദ്രീയ വിദ്യാലയ സംഗതൻ അധികൃതർ അറിയിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ വിദ്യാലയം സിവിൽ സെക്ടറിൽ തുടരുന്നതിനാവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകുമോ; ഇതിനാവശ്യമായ സ്ഥലം കണ്ടെത്തുവാൻ മുൻകൈ എടുക്കുമോ; | (ബി) | ഈ വിദ്യാലയം നിലവിലുള്ളത് പോലെ നിലനിൽക്കണമെന്നാണ് സർക്കാരിന്റെ അഭിപ്രായം. സ്കൂൾ നിലനിർത്തുവാൻ സാധ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. |
| (സി) | സർക്കാർ എൻ. റ്റി.പി.സി. യ്ക്ക് ഏറ്റെടുത്ത് നൽകിയതും നിലവിൽ എൻ. റ്റി.പി.സി. യുടെ അധീനതയിലുള്ളതുമായ കാർത്തികപ്പള്ളി താലൂക്കിലെ പുളിക്കീഴിലെ 9 ഏക്കർ സ്ഥലം സംസ്ഥാന സർക്കാർ ഏറ്റെടുത്ത് സിവിൽ സെക്ടറിൽ കേന്ദ്രീയ വിദ്യാലയം തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | ഈ വിദ്യാലയം നിലവിലുള്ളത് പോലെ നിലനിൽക്കണമെന്നാണ് സർക്കാരിന്റെ അഭിപ്രായം. സ്കൂൾ നിലനിർത്തുവാൻ സാധ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ